## ആശംസ

**ന**വതി എത്തിനിൽക്കുന്ന **സെന്റ് മേരീസ് കത്തീഡ്രൽ,** ഓർത്തഡോക്സ് സഭയുടേയും, കൊച്ചി മെത്രാസനത്തിന്റെയും അഭിമാനമാണ്. ഒരു നൂറ്റാണ്ടിനുള്ളിലെ ചരിത്രമേ ഉള്ളൂ എങ്കിലും ആത്മീകമായ കുലീനതയും, സംസ്ക്കാരവും ഈ അമ്മയ്ക്ക് വേണ്ടുവോളമുണ്ട്. സത്ചരിതന്മാരായ സഭാ പിതാക്കന്മാരുടെ പരിലാളനയിൽ വളരാൻ ഈ ഇടവകയ്ക്ക് ഭാഗ്യമുണ്ടായിട്ടുണ്ട്. അക്കൂട്ടത്തിൽ അന്തരിച്ച ജോസഫ് മാർ പക്കോമിയോസ് പിതാവിന്റെ ദീപ്തസ്മരണകൾ തലയുയർത്തി നിൽക്കുന്നു.

ശതാബ്ദിവരെയുള്ള ഒരു ദശാബ്ദം മനുഷ്യ സ്നേഹ-സേവനപരമായ പ്രവർത്തനങ്ങൾക്ക് മാറ്റിവച്ചിരിക്കുന്നു എന്നതാണ് ഈ നവതിയുടെ ഏറ്റവും വലിയ പുണ്യം. നാളിതുവരെ ഈ ഇടവകയെ നയിച്ച പിതാക്കളെയും ഇന്ന് നവതി ആഘോഷങ്ങൾക്ക് ചുക്കാൻ പിടിക്കുന്നവരെയും അതിലെ ആരാധനാ സമൂഹത്തെയും ദൈവമാതാവിന്റെ പ്രാർത്ഥനയാൽ ദൈവം അനുഗ്രഹിക്കട്ടെ.

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത**

### വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | Apr. 03 - 07.00 am, Apr. 10 - 10.00 am |
| | Apr. 17 - 07.00 am, Apr. 24 - 10.00 am |
| | May 01 - 07.00 am |
| സെമിത്തേരിമുക്ക് ചാപ്പൽ: | Apr. 10 - 07.30 am, Apr. 24 - 07.30 am |
| | **എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am** |

### വിശേഷ ദിവസങ്ങൾ

| | | |
|---|---|---|
| ഏപ്രിൽ 5 | ചൊവ്വ | പ: പാമ്പാടി തിരുമേനിയുടെ ഓർമ്മ |
| 23 | ശനി | വി. വർഗ്ഗീസ് സഹദായുടെ ഓർമ്മ |

### നിര്യാതരായി



**എ**റണാകുളം മാർക്കറ്റ്റോഡ് ഈരാളിൽ **ഡോ. ഇ.എം. പോൾ** (88), 8-3-2016 - ൽ നിര്യാതനായി. 11-3-2016-ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.



**എ**റണാകുളം വടുതല പൂവത്തൂർ മാമ്പഴക്കാട്ടിൽ പരേതനായ പി. സി. ചാക്കോയുടെ ഭാര്യ **അന്നമ്മ ചാക്കോ** (84), 24-3-2016 - ൽ നിര്യാതയായി. 26-3-2016-ൽ ചിറ്റൂർറോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

### നവതിയാഘോഷം

**ഏ**പ്രിൽ 3-ാം തീയതി കത്തീഡ്രൽ നവതിയാഘോഷത്തിന്റെ ഉൽഘാടനം പ.ബസേലിയോസ് മാർത്തോമ്മ പൌലോസ് ദ്വിതീയൻ കാതോലിക്കാ ബാവ നിർവഹിക്കുന്നു. കത്തീഡ്രലിലെ ഒന്നാം കുർബ്ബാനക്കുശേഷം 9 മണിക്ക് നടക്കുന്ന നവതി ഉൽഘാടന മീറ്റിംഗിൽ മുഖ്യമന്ത്രിയുടെ ഉപദേഷ്ടാവ് ശ്രീ. ജിജി തോംസണും, ന്യുവാൽസ് വൈസ് ചാൻസലർ ശ്രീമതി ഡോ. റോസ് വർഗീസും ആശംസകൾ അർപ്പിക്കുന്നതാണ്. നവതി വർഷത്തിൽ ഏറ്റെടുക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളുടെ വിശദീകരണവും, ഉൽഘാടനവും ഈ ചടങ്ങിൽ നടക്കും.

### O V B S - അവധിക്കാല ബൈബിൾ ക്ലാസ്സുകൾ

04-04-2016 തിങ്കൾ മുതൽ 09-04-2016 ശനിവരെ (രാവിലെ 8.45 മുതൽ വൈകിട്ട് 3.30 വരെ).

**കുഞ്ഞുങ്ങളെ... ഈ അവധിക്കാലത്ത് ഒരാഴ്ച ദൈവവചനം ധ്യാനിച്ച് ദൈവസന്നിധിയിൽ ചിലവഴിക്കാം. ഇത് ജീവിത വഴിത്താരയിൽ എന്നും നിങ്ങൾക്കൊരു മാർഗ്ഗദീപമായിരിക്കും.**

### പ്രാർത്ഥനാ യോഗം

**St. Gregorios Unit (Elamkulam-Kadavanthra Area)**

**24-04-16 - 4 pm**

**പ്രൊഫ. രമണി എബ്രഹാം,**
തളിയച്ചിറ എടത്തമര, H.No. 84,
ഗിരിനഗർ, Ph: 2316878, 9895855990

(വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം *അടുത്തലക്കത്തിൽ തുടരും...)*




Editorial Board : K.K. George (94470 40484), V.N. Philipose, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 10 ISSUE : 04 APRIL 2016

### എഡിറ്റോറിയൽ

## കുടുംബം

**ഞാ**നും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും (യോശുവാ. 24:15).

മോശയിൽ നിന്ന് 'ഭാരങ്ങൾ' എല്ലാം ദൈവത്തിന്റെ നിയോഗപ്രകാരം ഏറ്റെടുത്ത യോശുവായ്ക്ക് പല കഷ്ടതകളും, പരീക്ഷണങ്ങളും ഉണ്ടായി. ദൈവത്തെ തള്ളിപറയുവാൻ പോലും പ്രേരണകളുണ്ടായപ്പോഴാണ് മേൽപ്പറഞ്ഞ വാചകങ്ങൾ യോശുവ കൂടെയുള്ളവരോടു പറഞ്ഞത്. അവർ വിഗ്രഹാരാധനയിലേക്കു പോയാലും, ഒറ്റപ്പെട്ടാലും, യോശുവാ ദൈവവിശ്വാസത്തിൽ ദൈവത്തിന്റെ ഇഷ്ടങ്ങളനുസരിച്ച് മുൻപോട്ടു പോകും എന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയായിരുന്നു. ഇവിടെ മറ്റൊരു പ്രധാന സന്ദേശം ഒളിഞ്ഞു കിടപ്പുണ്ട്. യോശുവ പറഞ്ഞത് എന്തുവന്നാലും 'ഞാൻ യഹോവയെ സേവിക്കും' എന്നായിരുന്നില്ല. ഇതിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു സ്ഥാനം കുടുംബത്തിനു നൽകിയാണ് യോശുവ പറയുന്നത്.

നാം ഓരോരുത്തരും ചിന്തിക്കേണ്ട ഒരു സന്ദേശമാണിവിടെ യോശുവ നൽകുന്നത്. നമുക്ക് എത്രപേർക്ക് ഇങ്ങിനെ പറയുവാൻ സാധിക്കും. അതു സാധിക്കണമെങ്കിൽ നാം ആദ്യം ചെയ്യേണ്ടത് കുടുംബാന്തരീക്ഷം ക്രമപ്പെടുത്തുകയാണ്. പണസമ്പാദനത്തിനായി ചെയ്യുന്ന ജോലിയോ, സാമൂഹ്യസേവനമോ, രാഷ്ട്രീയമോ എന്തുമാവട്ടെ അതു കുടുംബാന്തരീക്ഷം നന്നാക്കിയിട്ടാവണം. വീട്ടിലെ അച്ചടക്കം നന്നായാലേ നമുക്ക് സമൂഹത്തിലെ അച്ചടക്കമില്ലായ്മയെക്കുറിച്ച് പറയുവാനുള്ള അർഹതയുണ്ടാവുകയുള്ളൂ.

ക്രൈസ്തവരായ നമുക്ക് കുടുംബത്തിനുവേണ്ടി ചെയ്യാവുന്ന ഏറ്റവും നല്ല കാര്യം 'തിരുകുടുംബ'ത്തെ മാതൃകയാക്കുകയാണ്.

നാം ദേവാലയത്തിലേക്കു പോകുമ്പോൾ കുട്ടികളെയും കൊണ്ടുപോകുവാൻ മടിക്കരുത്. നിർബ്ബന്ധിച്ച് കൂടെ കൂട്ടണം. കുഞ്ഞുങ്ങളായിരിക്കുമ്പോൾ അങ്ങിനെയൊരു ശീലം വളർത്തിയെടുത്താൽ, അവർ അതു തുടർന്നു കൊള്ളും. രാവിലെയും, വൈകിട്ടും ബൈബിൾ വായന,

*(ശേഷം 2-ാം പേജിൽ)*

### കതോലിക്കാ ദിനാചരണം




**മാ**ർച്ച് 13-ാം തീയതി ഒന്നാം കുർബ്ബാനക്കു മുമ്പായി കതോലിക്കദിന പതാക ഉയർത്തുകയും, സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. വികാരി റവ. ഫാദർ പി. ഐ. വർഗ്ഗീസാണ് പതാക ഉയർത്തിയത്.

### ഇടയ ലേഖനം

## കുരിശിൽ ദൃഷ്ടികൾ പതിയട്ടെ!

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത**



**നാ**ൽപതു നാളിന്റെ ഒരുക്കവും, നിശ്ശബ്ദപോരാട്ടവും, വർജ്ജനവും, സംയമനവുമെല്ലാം കാണിച്ചുതന്ന പാതയും അതുതന്നെ. അങ്ങനെ ഇവിടെ എത്തി, ഈ മരക്കുരിശിന്റെ ചുവട്ടിൽ ഇവിടെ ചയമങ്ങളും, നിറങ്ങളും, ഈണങ്ങളുമെല്ലാം മാറുന്നു. വെളിച്ചദേശത്ത് നിഴൽ കുടിയേറുന്നുവോ? എല്ലാറ്റിനും ഒരു ക്രമവും ശാന്തതയും. മറ്റു ശബ്ദങ്ങൾ കേൾക്കാനില്ല; മറ്റു ഭാഷകളും വാക്കുകളുമില്ല. എങ്കിലും പകൽ പകലിനു വാക്കു കൊടുക്കുന്നു; രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുന്നു. ചുറ്റും നിഴൽപ്പാടുകൾ മാത്രമെങ്കിലും, അതാ, ആ മരക്കുരിശിൽ വെളിച്ചമുണ്ട്. അവിടെ അൽപ്പമായി ഒരു ചലനവും.

ആ മനുഷ്യൻ ഇതാ!

മോശ, മരുഭൂമിയിലൂടെ വെറുതെ നടക്കുമ്പോൾ അതാ കത്തിയെരിയുന്ന മുൾപ്പടർപ്പ്, അത് എരിഞ്ഞുതീരുന്നില്ല. ആ അഗ്നി മോശയെ വിളിച്ചു. അടുത്തുചെല്ലാൻ മോശ ഭയപ്പെട്ടു. ജനത്തിന്റെ പരിത്രാണത്തെക്കുറിച്ചാണ് മുൾപ്പടർപ്പിലെരിയുന്ന അഗ്നി സംസാരിച്ചത്. അത് മോശയ്ക്ക് നിയോഗമായി.

ഇവിടെ, മരക്കുരിശിന്റെ ചുവട്ടിൽ അല്പം നിൽക്കാം. മുകളിൽ നെടുവീർപ്പുകൾ കേൾക്കുന്നുവോ? അതൊരു പ്രാർത്ഥനാവാക്യമാണല്ലോ; കൊലയാളികൾക്കു മാപ്പുകൊടുക്കണമെന്ന് മരക്കുരിശിൽനിന്നും പ്രാർത്ഥന സ്വർഗ്ഗത്തേക്കുയർന്നു.

ആരാണീ കടുംകൈ ചെയ്തത്?

മരണവക്രത്തിലെത്തി നിൽക്കുന്ന ഈ മനുഷ്യനെ കണ്ടിട്ട് 'ക്രിമിനൽ' ആണെന്നു തോന്നുന്നില്ല. അയാൾ ആരെയും പഴിക്കുകയോ ആക്ഷേപിക്കുകയോ ചെയ്യുന്നില്ല. ഒരു ചുറ്റുവട്ടത്തിൽ കാവലിരിക്കുന്ന കുറെ പടയാളികൾ, ഒരുപറ്റം സ്ത്രീജനങ്ങൾ ദൂരെ നിലവിളിച്ചുകൊണ്ടു നിൽക്കുന്നു. മരിച്ചുകൊണ്ടിരിക്കുന്നയാളിന്റെ ഉറ്റവരായിരിക്കാം.

അതിനിടെ പെട്ടെന്ന്, വളരെപ്പെട്ടെന്ന് പ്രകാശം മറഞ്ഞു. കൂരാക്കൂരിരുട്ട്, നട്ടുച്ചയ്ക്ക് വെളിച്ചം എങ്ങോ പോയ് മറഞ്ഞു. കൈനീട്ടി ഞാൻ മരക്കുരിശിനെ തൊട്ടു! അങ്ങനെ കുറെ നേരം.

അതാ വെളിച്ചം കണ്ടുതുടങ്ങുന്നു. രാത്രി ഇത്ര ഹ്രസ്വമോ? ഇരുട്ടിലായിരുന്നപ്പോഴും എന്റെ മനസ്സ് പിടയുന്ന ആ രൂപത്തോടൊപ്പമായിരിന്നു. ഇയാൾ എന്തിന് ഇങ്ങിനെ മരിക്കണം?

അങ്ങനെ ഓരോന്നാലോചിച്ചിരിക്കുമ്പോൾ, അതാ, അയാൾ ദാഹശമനി ചോദിക്കുന്നു. ആശ്വാസത്തിനോ, അതോ മരിക്കാൻ പോകുന്നോ?

വീണ്ടും, അറച്ചറച്ചൊരു നാദം:-

*(ശേഷം 2-ാം പേജിൽ)*

## വികാരിയുടെ കത്ത്

# അവിശ്വാസിയാകാതെ വിശ്വാസിയായിരിക്ക

ഫാ. പി.ഐ. വർഗ്ഗീസ്



എല്ലാ വർഷവുമെന്നപോലെ ഭാരതത്തിന്റെ അപ്പോസ്തോലനായ പരിശുദ്ധ തോമാശ്ലീഹായുടെ അനുസ്മരണം ഈ പുതുഞായറാഴ്ചയും ആഘോഷിക്കുന്നു. ആരാധനാമദ്ധ്യേ വചനപ്രഘോഷണം നടത്തുമ്പോൾ പ്രതിപാദിക്കുന്ന രണ്ടു ചിന്തകൾ നമ്മെ അലോസരപ്പെടുത്തിയേക്കാം. ഒന്ന് തോമസ് അപ്പോസ്തോലൻ കൂട്ടംവിട്ട് തന്റെ സ്വന്തം വഴിക്ക് പോയതിനാൽ ഉത്ഥിതനായ യേശു പ്രത്യക്ഷപ്പെട്ടപ്പോൾ കാണാനുള്ള ഭാഗ്യം ലഭിച്ചില്ല. മറ്റൊന്ന് തോമാശ്ലീഹാ ഒരു സംശയാലുവായി ചിത്രീകരിക്കപ്പെടുന്നു എന്നുള്ളതാണ്. ഈ സംശയം ദൃഢവിശ്വാസികളുടെ മനസ്സിൽ ആശങ്ക ജനിപ്പിക്കുന്നതുമാണ്. രണ്ടിനും കാരണക്കാരൻ അപ്പോസ്തോലൻ തന്നെയാണ്. ഈ രണ്ടു കുറ്റാരോപണങ്ങളും നമ്മുടെ മനസ്സിൽ ഉണ്ടാക്കുന്ന ചലനങ്ങളും, വിശ്വാസത്തിന്മേൽ ഏല്പിക്കുന്ന ആഘാതങ്ങളും സുവിശേഷത്തിന്റെ വെളിച്ചത്തിൽ ആഴമായി പഠിക്കുമ്പോൾ നിശ്ശേഷം മാറിപ്പോകുന്നതാണ്. അതിനുള്ള കാരണങ്ങൾ ചുരുക്കമായി കുറിയ്ക്കട്ടെ.

തോമസ് കൂട്ടംവിട്ട വ്യക്തിയായിരുന്നുവെങ്കിൽ രണ്ടാമത്തെ സമ്മേളനത്തിന് എത്തിച്ചേരുകയില്ലായിരുന്നു. അതുകൊണ്ട് കൂട്ടംവിട്ടു നിന്നതല്ല, പകരം തങ്ങൾക്ക് വെളിയിൽ എന്താണ് സംഭവിക്കുന്നത് എന്ന് ജനങ്ങളിൽ നിന്ന് അറിവാനായിരിക്കും പുറത്തുപോയത്. കാരണം ഗുരുവിനുവേണ്ടി മരിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ച ഈ ധീരനായ ശിഷ്യന്റെ അസാന്നിദ്ധ്യത്തിലുള്ള യേശുവിന്റെ പ്രത്യക്ഷപ്പെടൽ പ്രത്യേക ലക്ഷ്യത്തോടെ തന്നെ എന്നതിന് യാതൊരു സംശയവുമില്ല. തോമസിന്റെ വ്യക്തിമാഹാത്മ്യം എടുത്തു കാണിക്കുവാൻ വേണ്ടിയിട്ടും തന്റെ ജീവിതത്തിൽ അന്നേവരെ ലഭിച്ചിട്ടില്ലാത്ത വലിയ ഒരു സമ്മാനം നല്കപ്പെടുവാൻ വേണ്ടിയുമാണ് ഇങ്ങനെ ഒരു പ്രത്യക്ഷപ്പെടൽ യേശുതമ്പുരാൻ ഒരുക്കിയത്. ആ വലിയ സമ്മാനം എന്താണ്? ഉദ്ധിതനായ യേശു തോമസിനുവേണ്ടി മാത്രം പ്രത്യക്ഷപ്പെടുന്നു എന്നതുതന്നെ. ഗുരുവിനുവേണ്ടി മരിക്കാൻ തയ്യാറായതിനാലാണ് യേശു തോമസിന് ഈ പ്രത്യേക ദർശനം നൽകുന്നതും തന്റെ വ്യക്തി മാഹാത്മ്യം ശിഷ്യന്മാർക്കും ഈ ലോകത്തിനും എടുത്തുകാണിക്കുകയും ചെയ്യുന്നത്. അല്ലാതെ നാം കരുതുന്നതുപോലെ കൂട്ടംവിട്ട് നടന്ന ഒരു ഒറ്റയാൻ ആയതുകൊണ്ടല്ല തോമസ് ഇല്ലാതിരുന്ന നേരത്ത് പ്രത്യക്ഷപ്പെട്ടത്, പകരം ഈ അതിശ്രേഷ്ഠമായ സമ്മാനം നൽകുവാൻ വേണ്ടിയാണ്.

സംശയത്തിന്റേയും അവിശ്വാസത്തിന്റേയും മൂർത്തീരൂപമായി തോമാശ്ലീഹായെ കാണുന്നുവെങ്കിൽ നാം തികഞ്ഞ അജ്ഞന്മാരാണ്. കാരണം ശ്ലീഹ മറ്റു പത്തു ശിഷ്യന്മാരേക്കാൾ അചഞ്ചല വിശ്വാസത്തിന്റെ ഉടമയായിരുന്നു. ഇതു പറയുവാൻ കാരണമുണ്ട്. ഉയർത്തെഴുന്നേറ്റ കർത്താവ് അപ്പോസ്തോലന്മാർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ അവർക്ക് അത് ഒരു ഭൂതമാണെന്ന് തോന്നി. യേശു അവരിൽനിന്ന് ആഹാരം വാങ്ങികഴിച്ച് ഭൂതമല്ല എന്ന തെളിയിച്ചശേഷമാണ് അവർ വിശ്വസിക്കുന്നത്. എന്നാൽ തോമസിന് ഉയർത്തെഴുന്നേറ്റ കർത്താവ് തനിക്കുവേണ്ടി പ്രത്യക്ഷനായപ്പോൾ അണുവിടപോലും സംശയിക്കാതെ യേശുവിൽ വിശ്വസിക്കുന്നു. അങ്ങനെ എങ്കിൽ അവിശ്വാസികളുടെ പിതാവ് എന്ന് പഴിചാരുന്നതിൽ എന്ത് ഔചിത്യമാണുള്ളത്. എന്നാൽ അവിശ്വാസിയാകാതെ വിശ്വാസിയായിരിക്ക എന്ന് യേശു തോമസിനോട് പറഞ്ഞതിന് ഒരു വിശദീകരണംകൂടി നൽകേണ്ടതായിട്ടുണ്ട്. വിശ്വാസത്തിൽ അടിയുറച്ച് നിലകൊണ്ട തോമാശ്ലീഹായിൽ ഒരു മനുഷ്യനെന്ന നിലയിൽ അല്പമെങ്കിലും അവിശ്വാസം ഉണ്ടായിരിക്കാം. മറ്റ് ശിഷ്യന്മാരോട് തുലനം ചെയ്യുമ്പോൾ തോമസിന്റെ വിശ്വാസം വളരെ വലുതാണ്. അവിശ്വാസത്തിന്റെ തരികളുള്ള തോമസിന്റെ ജീവിതം നവീകരിക്കുന്നതിനായി യേശു അതു നീക്കിക്കളയുവാൻ വേണ്ടിയാണ് അവിശ്വാസിയാകാതെ വിശ്വാസിയായിരിക്ക എന്ന് പറഞ്ഞത്. ഈ വാക്കുകൾ കേട്ട് തോമാസിന്റെ ഹൃദയം തകർന്നുവെങ്കിലും പാറപോലെ ഉറച്ച വിശ്വാസത്തിന്റെ നാമ്പുകൾ, അവിശ്വാസത്തിന്റെ തരികൾ നീക്കി മുളപൊട്ടി. ആ വലിയ വിശ്വാസത്തിൽ യേശുവിനെ ദൈവമായി തോമസ് അംഗീകരിക്കുന്നു. എന്റെ കർത്താവും എന്റെ ദൈവവുമേ എന്ന പ്രഖ്യാപനത്തിൽ. ■

*(ഇടയലേഖനം തുടർച്ച)*

എന്റെ ആത്മാവിനെ നിന്റെ കയ്യിൽ സമർപ്പിക്കുന്നു?

കഴിഞ്ഞു. അതാ തല ഒരു വശത്തേക്കു ചരിഞ്ഞു. എല്ലാം കഴിഞ്ഞു. 'നിവർത്തിയായി' എന്ന് ആ മനുഷ്യൻ ഉരുവിടുന്നതു കേട്ടു, എന്താണ് നിവർത്തിയായത്.

വീണ്ടും അശാന്തി....ചുറ്റിയടിക്കുന്ന കൊടുങ്കാറ്റ്...ഇടിമുഴക്കം......ദൈവമെ, എന്താണിതെല്ലാം. കുരിശിൽ മാത്രം വെളിച്ചം?

കാവൽനിന്ന പടയാളി മൊഴിഞ്ഞു: 'ഇവൻ യഥാർത്ഥത്തിൽ ദൈവമാണ്'.

ങ്ങേ! ഇവൻ ദൈവപുത്രനോ?

അപ്പോൾ ഞാൻ......എങ്ങനെ ഇവിടെയെത്തി!

ഈ ദൈവപുത്രനെ ഞാൻ തേടുകയായിരുന്നു. ഞാൻ കണ്ടെത്തിയപ്പോഴേക്കും മരണരംഗമാണു കൺമുന്നിൽ.

അതാ സ്ത്രീകൾ വീണ്ടും അലമുറയിടുന്നു.

അവൻ മരിച്ചതെന്തിന്?... ഞാൻ അടുത്തുചെല്ലട്ടെ. പതിയെ ആ മരത്തെ കെട്ടിപ്പിടിച്ച്, ആ പാദങ്ങളിൽ ഉമ്മ വയ്ക്കട്ടെ! ഞാൻ എത്തേണ്ടിടത്തെത്തി !

യേശു, എനിക്കുവേണ്ടി മരിച്ചു. മൂന്നുനാൾ കഴിഞ്ഞാൽ, വീണ്ടും ജീവിക്കുമെന്നു അദ്ദേഹം പറഞ്ഞിരുന്നു.

ഞാൻ കാത്തിരിക്കുന്നു; പുനരുത്ഥാന പ്രഭാതത്തിനായി.

He is risen, indeed He is ! ■

*(എഡിറ്റോറിയൽ തുടർച്ച)*

പ്രാർത്ഥന മുതലായവ കുട്ടികളെ നിർബ്ബന്ധിച്ച് ചെയ്യിക്കുവാൻ സാധിക്കുന്നത് വീട്ടിലുള്ള കുടുംബിനികൾക്കാണ്.

പഴയകാലങ്ങളിൽ കുട്ടികൾ കൂടുതൽസമയം ചിലവഴിച്ചിരുന്നത് അച്ഛനമ്മമാരുടെ കൂടെയായിരുന്നു. എന്നാൽ ഇപ്പോഴുള്ള പ്രധാന വ്യത്യാസം കുട്ടികൾ കൂടുതൽ സമയവും വീടിനു പുറത്തായിരിക്കുമെന്നുള്ളതാണ്. അതുകൊണ്ട് അച്ഛനമ്മമാർക്ക് കുട്ടികളെ ശ്രദ്ധിക്കാൻ കിട്ടുന്ന സമയം വളരെ കുറവായിരിക്കും. പ്രത്യേകിച്ച് അച്ഛനമ്മമാർക്ക് ജോലിയുള്ള കുടുംബങ്ങളിൽ ഇതു കൂടുതൽ പ്രശ്നമാവുന്നു. ഇതിനുള്ള പ്രതിവിധിയെന്നോണം വീട്ടിൽ കിട്ടുന്ന കുറച്ചുസമയം അവരുടെ ജീവിതത്തിൽ ഓർത്തിരിക്കുവാനും, മാതൃകയാക്കുവാനും വേണ്ടവിധത്തിൽ മാതാപിതാക്കൾ പെരുമാറുകയെന്നതാണ്. ആ കുറച്ചുസമയം മധുരമുള്ളതാക്കാൻ ശ്രദ്ധിച്ചാൽ അവരുടെ ജീവിതത്തിൽ കൂടുതൽ സമയവും അവർ അത് ഓർക്കുകയും, അവർ കാണുന്ന ആ മാതൃകാജീവിതം അവരുടെ ജീവിതത്തിലും പകർത്താൻ ശ്രമിക്കുകയും ചെയ്യും.

ഓരോ വീടുകളിലും ആ വീട്ടിലെ അന്തരീക്ഷം നന്നാക്കുവാൻ ശ്രമിക്കുകയും, അതിൽ കുടുംബനാഥനും, കുടുംബനാഥയും വിജയിക്കുകയും ചെയ്താൽ ആ മാറ്റം പെട്ടെന്നു തന്നെ സമൂഹത്തിൽ പ്രതിഫലിക്കുകയും, നന്മയുള്ള ഒരു സമൂഹം നമുക്കുചുറ്റും വളർന്നു വരികയും ചെയ്യും. ഇതിനുള്ള സാഹചര്യം സൃഷ്ടിക്കലായിരിക്കണം ഇടവകയുടെയും, സഭയുടെയും കടമ. ■





## കഷ്ടാനുഭവ ആഴ്ച ശുശ്രൂഷ

### ഓശാന ഞായർ






ഓശാന ഞായറാഴ്ച രാവിലെ കുരുത്തോല വാഴ്വിന്റെ ശുശ്രൂഷയും വി.കുർബ്ബാനയും, വൈകുന്നേരം ശ്രീ. എം.എം. പൌലൂസിന്റെ ധ്യാനപ്രസംഗവുമുണ്ടായിരുന്നു. തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ പ്രൊ. ബേബിജോൺ, റവ. ഫാ. ജോൺ കുര്യാക്കോസ് എന്നിവരായിരുന്നു ധ്യാനപ്രസംഗം നടത്തിയത്.

എളംകുളം ചാപ്പലിൽ രാത്രി 10 നും, കത്തീഡ്രലിൽ വെളുപ്പിന് 2.30 നും പെസാഹയുടെ ശുശ്രൂഷകൾ നടന്നു.

ഈ വർഷം ദുഃഖവെള്ളിക്ക്, വചനിപ്പ് പെരുന്നാൾകൂടി അതേ ദിവസംതന്നെ വന്നു എന്ന പ്രത്യേകതയുണ്ടായിരുന്നതിനാൽ രാവിലെ 6 ന് കുർബ്ബാനയാരംഭിക്കുകയും, 8 മണിക്ക് ദുഃഖവെള്ളി ശുശ്രൂഷ ആരംഭിക്കുകയുമായിരുന്നു. അന്നത്തെ ധ്യാനപ്രസംഗം ശ്രീ. കുരുവിള എം. ജോർജ് IRS ന്റെതായിരുന്നു. പതിവിൽ കവിഞ്ഞ ജനക്കൂട്ടം വളരെ ചിട്ടയോടെ പങ്കെടുത്ത ശുശ്രൂഷ 4 മണിയോടെ അവസാനിക്കുകയും, നേർച്ച കഞ്ഞി കുടിച്ച് ആളുകൾ മടങ്ങുകയും ചെയ്തു.

ദുഃഖശനിയാഴ്ച എളംകുളം ചാപ്പലിൽ രാവിലെ 7.00 മണിക്കും, 11.30-ന് കത്തീഡ്രലിലും വി. കുർബ്ബാനയുണ്ടായിരുന്നു. ഞായറാഴ്ച വെളുപ്പിന് 2.30 ന് ആരംഭിച്ച് ഉയർപ്പിന്റെ ശുശ്രൂഷ രാവിലെ 7 മണിക്ക് പി.ഐ. വർഗ്ഗീസച്ചന്റെ ഈസ്റ്റർ ആശംസകളോടെ സമാപിച്ചു.

### ദുഃഖവെള്ളി






### ഉയിർപ്പ് ഞായർ






